A

605

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ II 2025-2026

## സാമൂഹ്യശാസ്ത്രം

ക്ലാസ്: 6

സമയം: 2 മണിക്കൂർ 15 മിനിറ്റ്

---

നിർദേശങ്ങൾ

- ആകെ സമയത്തിന്റെ ആദ്യത്തെ **15** മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **3, 4** ചോദ്യങ്ങൾക്ക് ചോയ്സ് ഉണ്ട്, ചോയ്സുള്ള ചോദ്യങ്ങളിൽ **A,B** എന്നീ പിരിവുകളിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

---

**1.** സാമ്പത്തിക പ്രവർത്തനങ്ങളെ അവയുടെ പൊതു സ്വഭാവമനുസരിച്ച് പ്രാഥമിക, ദ്വിതീയ, തൃതീയ എന്നീ മൂന്ന് മേഖലകളായി തിരിച്ചിരിക്കുന്നു.

**a)** നൽകിയിരിക്കുന്നവയിൽ പ്രാഥമിക മേഖലയുമായി ബന്ധപ്പെട്ട പ്രസ്താവനകൾ കണ്ടെത്തുക.

i. പ്രകൃതിവിഭവങ്ങൾ നേരിട്ട് ഉപയോഗപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന മേഖല

ii. സേവന പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന മേഖല

iii. കാർഷിക മേഖല എന്നറിയപ്പെടുന്ന മേഖല

iv. വ്യവസായത്തിന് പ്രാധാന്യമുള്ള മേഖല

A. i,ii B. i,iii

C. i, iv D. ii. iii

**b)** പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകൾ എങ്ങനെയെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു? ഉദാഹരണ സഹിതം വ്യക്തമാക്കുക.

**2.** കൃഷിയുടെ വ്യാപനം മനുഷ്യന്റെ ജീവിതത്തിൽ വിവിധ മാറ്റങ്ങൾക്ക് കാരണമായി..

**a)** കൃഷിയുടെ വ്യാപനം നഗരങ്ങളുടെ രൂപീകരണത്തിന് സഹായകരമായത് എങ്ങനെയാണ്? കുറിപ്പ് തയ്യാറാക്കുക.

**b)** പട്ടുപാതയിലൂടെ വാണിജ്യബന്ധം നിലനിർത്തിയിരുന്ന ഭൂഖണ്ഡങ്ങൾ ഏതെല്ലാം?

A. ഏഷ്യ - യൂറോപ്പ് – ആഫ്രിക്ക B. ഏഷ്യ- തെക്കേ അമേരിക്ക - ആഫ്രിക്ക

C. ആഫ്രിക്ക - വടക്കേ അമേരിക്ക – യൂറോപ്പ് D. ഏഷ്യ - ആഫ്രിക്ക - വടക്കേ അമേരിക്ക

3.(A) വിവിധ സംസ്കാര ഘടകങ്ങളിൽ കാലാകാലങ്ങളിലുണ്ടാകുന്ന പരിവർത്തനത്തെയാണ് സാംസ്കാരിക മാറ്റം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.

a) താഴെ തന്നിരിക്കുന്ന പട്ടിക അനുയോജ്യമായ വിധത്തിൽ ക്രമീകരിക്കുക.

| സൂചകങ്ങൾ | സാംസ്കാരിക മാറ്റം |
|---|---|
| i. മറ്റൊരു സംസ്കാരത്തിന്റെ സ്വാധീനത്താൽ സ്വന്തം സംസ്കാരത്തിൽ ഭാഗികമായ മാറ്റങ്ങൾ ഉണ്ടാകാറുണ്ട്. അതേ സമയം, സ്വന്തം സംസ്കാരത്തിന്റെ പല ഘടകങ്ങളും നിലനിർത്തുകയും ചെയ്യുന്നു. | a) സാംസ്കാരിക വ്യാപനം |
| ii. ഒരു സംസ്കാരം മറ്റൊരു സംസ്കാരത്തെ പൂർണമായും കീഴ്പ്പെടുത്തുന്നു | b) അന്യസംസ്കാരമാർജിക്കൽ |
| iii. ഒരു സംസ്കാരത്തിന്റെ തനത് സവിശേഷതകൾ മറ്റൊരു സംസ്കാരത്തിലേക്ക് കലരുന്നു . | c) സാംസ്കാരിക സ്വാംശീകരണം |

A. i – b, ii – a, iii – c B. i – c, ii – b, iii – a

C. i – b, ii – c, iii – a D. i – a, ii – c, iii – b

b) "സാങ്കേതിക വിദ്യയുടെ വികസനം സാംസ്കാരിക നവീകരണത്തിന് കാരണമാകുന്നുണ്ട്". ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉദാഹരണ സഹിതം വിശദമാക്കുക.

അല്ലെങ്കിൽ

3.(B) സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിൽ നമുക്ക് പരമ്പരാഗതമായി ലഭിക്കുന്നതാണ് സംസ്കാരം. ഇത്തരത്തിൽ സംസ്കാരത്തിന് നിരവധി സവിശേഷതകളുണ്ട്.

പത്രവാർത്ത ശ്രദ്ധിക്കൂ.

സ്കൂളിൽ സാംസ്കാരിക ദിനം ആചരിച്ചു.

*പുറനാട്ടുകര : സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ സാംസ്കാരിക ദിനം സംഘടിപ്പിച്ചു. വിവിധ സംസ്ഥാനങ്ങളിലെ വിദ്യാർഥികൾ അവരുടെ വേഷങ്ങൾ, നൃത്തങ്ങൾ, ഭക്ഷണരീതികൾ എന്നിവ അവതരിപ്പിച്ചു. ശാസ്ത്രം പോലെതന്നെ സംസ്കാരവും മനുഷ്യരെ ബന്ധിപ്പിക്കുന്ന ശക്തിയാണെന്ന് ഹെഡ്മാസ്റ്റർ ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു.*

a) സംസ്കാരത്തിന്റെ ഏത് സവിശേഷതയുമായാണ് ഈ വാർത്ത ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കണ്ടെത്തുക


A. സംസ്കാരം പ്രതീകാത്മകമാണ് B. സംസ്കാരം സാമ്പ്രദായികമാണ്

C. സംസ്കാരം ചലനാത്മകമാണ് D. സംസ്കാരം പങ്കുവയ്ക്കുന്നതാണ്.

b) സംസ്കാരം പഠിച്ചെടുക്കുന്നതാണ് എന്ന് പറയുന്നത് എന്തുകൊണ്ട്? വിശദമാക്കുക.

4. (A) 'സമുദ്രങ്ങൾക്കിടയിലായി സ്ഥിതിചെയ്യുന്ന അതിവിശാലമായ കരഭാഗങ്ങളാണ് ഭൂഖണ്ഡങ്ങൾ'

ഭൂപടം നിരീക്ഷിക്കൂ...



a) ഭൂപടത്തിൽ തെക്കേ അമേരിക്കയുടെ പടിഞ്ഞാറെ അതിര് ഏതാണ്?

A) പസഫിക് സമുദ്രം     B) ആർട്ടിക് സമുദ്രം

C) ഇന്ത്യൻ മഹാസമുദ്രം     D) ആഫ്രിക്ക

b) തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഏഷ്യ, ആസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളുടെ സവിശേഷതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

സൂചകങ്ങൾ

- *വലിപ്പം*
- *ഭൂപ്രകൃതി*
- *ജനജീവിതം*
- *കാലാവസ്ഥ*

അല്ലെങ്കിൽ

4. (B) ഓരോ ഭൂഖണ്ഡത്തിനും തനതായ ഭൂമിശാസ്ത്ര സവിശേഷതകളുണ്ട്.

a) നൽകിയിരിക്കുന്നവയിൽ ശരിയായ ക്രമം കണ്ടെത്തുക.

| ഭൂപ്രകൃതി സവിശേഷതകൾ | ഭൂഖണ്ഡം |
|---|---|
| i. എവറസ്റ്റ് കൊടുമുടി | a) ആഫ്രിക്ക |
| ii. സഹാറ മരുഭൂമി | b) തെക്കേ അമേരിക്ക |
| iii. ആമസോൺ മഴക്കാടുകൾ | c) ഏഷ്യ |

A. i – a, ii – b, iii – c     B. i – c, ii – a, iii – b

C. i – b, ii – a, iii – c     D. i – c, ii – b, iii –a

b) വടക്കേ അമേരിക്ക, തെക്കേ അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളുടെ സവിശേഷതകൾ തന്നിരിക്കുന്ന സൂചകങ്ങൾ ഉപയോഗപ്പെടുത്തി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

സൂചകങ്ങൾ

- *അതിരുകൾ*
- *കാലാവസ്ഥ*
- *ഭൂപ്രകൃതി*
- *ജനജീവിതം*

5. മഹാശിലായുഗത്തിന്റെ തെളിവുകൾ ദക്ഷിണേന്ത്യയിലെ മിക്ക ഭാഗങ്ങളിലും കാണപ്പെടുന്നു.


തൊപ്പിക്കല്ല്


കുടക്കല്ല്


നാട്ടുകല്ല്

a) മഹാശിലായുഗ സ്മാരകങ്ങൾ തന്നിരിക്കുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

A. യുദ്ധങ്ങൾ B. വ്യാപാരം

C. ശവസംസ്കാര രീതി D. കൃഷി

b) മഹാശിലായുഗത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

6. വെങ്കലയുഗത്തിൽ മനുഷ്യ ജീവിതത്തിലുണ്ടായ മാറ്റങ്ങളുടെ ഫലമായി സംസ്കാരങ്ങൾ രൂപപ്പെട്ടു.

a) നൽകിയിരിക്കുന്ന സൂചനകൾ ഏത് വെങ്കലയുഗ സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു.

- നൈൽ നദീതടത്തിൽ രൂപം കൊണ്ടു.
- എഴുത്ത് ലിപി ഹൈറോഗ്ലിഫിക്സ് എന്നറിയപ്പെടുന്നു.
- കൃഷിയായിരുന്നു ജനങ്ങളുടെ പ്രധാന ജീവിതമാർഗം
- രാജാക്കൻമാർ ഫറവോ എന്ന പേരിൽ അറിയപ്പെടുന്നു.

b) ശിലായുഗത്തിൽ നിന്നും വെങ്കലയുഗത്തിലെത്തിയ മനുഷ്യരുടെ ജീവിതരീതിയിൽ വന്ന മാറ്റങ്ങളെക്കുറിച്ച് വിശദമാക്കുക.